**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4578** **19-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടത്തോടിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിനും മലിനീകരണം തടയുന്നതിനുമായി മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ആയതിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിൽ കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിനും മാലിന്യം തടയുന്നതിനുമായി എം.എൽ.എ ഫണ്ടിൽ 50 ലക്ഷം രൂപ അനുവദിക്കുകയും മാവേലിക്കര മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാൻഡിനു മുൻപിലുള്ള തോടിന്റെ ഭാഗം മാലിന്യമുക്തമാക്കി വശങ്ങൾ കെട്ടി സ്ലാബിട്ട് സംരക്ഷിക്കുകയും ചെയ്തു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ചെന്നിത്തല പഞ്ചായത്തിലെ വാർഡ് നമ്പർ 18-ൽ 9-ാമത് ബ്ലോക്ക് പാടശേഖരത്തിലെ വെള്ളോർതറ തോടിന്റെ പാർശ്വഭിത്തി സംരക്ഷണം | 4.94 |
| 2 | ചെന്നിത്തല പഞ്ചായത്തിലെ വാർഡ് നമ്പർ 18-ലുള്ള വെട്ടിത്തേരി പാടശേഖരത്തിനു സമീപമുള്ള തോടിന്റെ പാർശ്വഭിത്തി സംരക്ഷണം | 9.70 |
| 3 | ചെട്ടികുളങ്ങര പഞ്ചായത്തിലെ ഒതളപ്പുഴ തോടിന്റെ ചെളി നീക്കം ചെയ്യൽ | 5.00 |
| 4 | തഴക്കര പഞ്ചായത്തിലെ തഴക്കര തോടിന്റെ മാലിന്യം നീക്കം ചെയ്യൽ | 3.00 |
| 5 | മാവേലിക്കര മണ്ഡലത്തിലുള്ള തഴക്കര, നൂറനാട്, വെൺമണി പഞ്ചായത്തുകളിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണി | 19.34 |
| 6 | തഴക്കര പഞ്ചായത്തിലെ പുതിയകാവ് പാലം മുതൽ മഞ്ഞാടി മോട്ടോർ തറ വരെയുള്ള തഴക്കര തോടിന്റെ ചെളി നീക്കം ചെയ്യൽ | 1.5 |
| 7 | തഴക്കര പഞ്ചായത്തിലെ കളിക്കോട് പാടശേഖരത്തിലെ റാമ്പ് നിർമ്മാണം | 25.00 |
| 8 | വള്ളികുന്നം പഞ്ചായത്തിലെ വാർഡ് നമ്പർ 11-ലെ കല്ലുംപുറം പാലം മുതൽ മീനത്തേരി പാലം വരെയുള്ള തോടിന്റെ പാർശ്വഭിത്തി സംരക്ഷണം | 20.00 |
| 9 | തഴക്കര പഞ്ചായത്തിലെ വാർഡ് നമ്പർ 10-ലെ കരട്ടിയി കുളത്തിന്റെ പുനരുദ്ധാരണം | 24.00 |

**സെക്ഷൻ ഓഫീസർ**